(ഇ) 8.2.98 ലെ ജി.ഒ.(എം.എസ്) 417/99 ധനനമ്പർ ഉത്തരവു പ്രകാരം ഈ വകുപ്പിൽ 70 പുതിയ തസ്തികകൾ സൃഷ്ടിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്.

(എഫ്)	ഡെവലപ്പ്മെന്റ് ഓഫീസർ	14
	ലോവർ ഡിവിഷൻ ക്ലാർക്ക്	28
	ലോവർ ഡിവിഷൻ ടൈപ്പിസ്റ്റ്	14
	ശിപായി	14
	ആകെ	70

24 (1473) പെൻഷൻ പരിഷ്കരണം

ശ്രീ. എ. അലിഹസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പെൻഷൻ പരിഷ്കരണ ഉത്തരവിലെ അപാകതകൾ സംബന്ധിച്ച് കേരളാ സ്റ്റേറ്റ് സർവീസ് പെൻഷണേഴ്സ് യൂണിയൻ നിവേദനം നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ ഈ നിവേദനത്തിൽ പരാമർശിച്ചിട്ടുള്ള അപാകതകൾ പരിഹരിക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) ശമ്പള പരിഷ്കരണവും പെൻഷൻ പരിഷ്കരണവും നടപ്പിലാക്കിയ 1.3.97 മുതൽ പെൻഷണേഴ്സിന് ലഭിക്കേണ്ടതായ എല്ലാ ആനുകൂല്യങ്ങളും നൽകിയിട്ടില്ല എന്ന പരാതി ലഭിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ അവ പരിശോധിച്ച് ആവശ്യമായ ഉത്തരവ് നൽകാൻ തയ്യാറാകുമോ;

(ഇ) മെഡിക്കൽ അലവൻസ് 50 രൂപയിൽ നിന്നും 1.3.97 മുതൽ 100 രൂപയാക്കി വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) നിവേദനം ലഭിച്ചിട്ടുണ്ട്.

(ബി) നിവേദനം പരിശോധിച്ചു വരുന്നു.

(സി) ഉണ്ട്.

(ഡി) ഇക്കാര്യം പരിഗണനയിലില്ല.

(ഇ) ഇക്കാര്യം പരിഗണനയിലില്ല.

25 (1474) ശമ്പള പരിഷ്കരണ അനോമലി കമ്മിറ്റി

ശ്രീമതി കെ.ആർ. ഗൗരിയമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശമ്പള പരിഷ്കരണ അനോമലി കമ്മിറ്റി മുൻപാകെ എത്ര സർവീസ് സംഘടനകൾ നിവേദനങ്ങൾ നൽകിയിട്ടുണ്ട്;

(ബി) നിവേദനം നൽകിയ സംഘടനകളുമായി സർക്കാർ ചർച്ച നടത്തുവാൻ തീരുമാനിച്ചിട്ടുണ്ടോ? എങ്കിൽ ചർച്ച എന്ന് നടത്തുവാനാണ് തീരുമാനിച്ചിട്ടുള്ളത്?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) മിക്കവാറും എല്ലാ സർവീസ് സംഘടനകളും നിവേദനങ്ങൾ നൽകിയിട്ടുണ്ട്.

(ബി) ചർച്ച നടത്തുന്ന കാര്യം പരിഗണനയിലില്ല.

26 (1475) ശമ്പള പരിഷ്കരണം

ശ്രീ. പി.കെ. അബ്ദുറബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധന കാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ ജീവനക്കാരുടെ 1992 ലെ ശമ്പള പരിഷ്കരണം പ്രാബല്യത്തിൽ വന്ന് അഞ്ചു വർഷം തികയുന്ന അന്നു മുതൽ ശമ്പള പരിഷ്കരണത്തിന് പ്രാബല്യം നൽകിയിട്ടുണ്ടോ;

(ബി) എന്തൊക്കെ ആനുകൂല്യങ്ങളാണ് ഇങ്ങനെ പ്രാബല്യം നൽകി അനുവദിച്ചത്;

(സി) ഏതൊക്കെ ആനുകൂല്യങ്ങൾക്കാണ് പിൻകാല പ്രാബല്യം നൽകിയത്;

(ഡി) പിൻകാല പ്രാബല്യം നൽകിയതുകൊണ്ട് സർക്കാരിന് ശമ്പള പരിഷ്കരണ ചെലവിൽ എത്ര കോടി രൂപ കുറയ്ക്കുവാൻ കഴിയും?

ഉത്തരം

(എ) 1997 ലെ ശമ്പള പരിഷ്കരണത്തിന് 1.3.97 മുതൽ പ്രാബല്യം നൽകിയിട്ടുണ്ട്.

(ബി) ശമ്പളവും ക്ഷാമബത്തയും 1.3.97 മുതൽ അനുവദിച്ചിട്ടുണ്ട്.

(സി) സമയബന്ധിത ഹയർഗ്രേഡ്, വിവിധ അലവൻസുകൾ എന്നിവയ്ക്ക് പിൻകാല പ്രാബല്യം നൽകിയിട്ടുണ്ട്.

(ഡി) സർക്കാരിന്റെ സാമ്പത്തിക പരിമിതിമൂലമാണ് വിവിധ അലവൻസുകൾ ഹയർഗ്രേഡ് എന്നിവയ്ക്ക് പിൻകാല പ്രാബല്യം നൽകിയത്. ഹയർഗ്രേഡിന് പിൻകാല പ്രാബല്യം നൽകിയതുമൂലമുള്ള കുറവ് കണക്കാക്കുവാൻ പ്രായോഗിക വൈഷമ്യങ്ങളുണ്ട്.

27 (1476) ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിലെ ചാർജ്-സർ ചാർജ് സംബന്ധിച്ച വ്യവസ്ഥകൾ

ശ്രീ. എഴുകോൺ നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധന കാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ചാർജ്-സർ ചാർജ് എന്നിവ ഈടാക്കുന്നതു സംബന്ധിച്ച കേരള പഞ്ചായത്ത് രാജ് ആക്ടിൽ നിഷ്കർഷിച്ചിട്ടുള്ള വ്യവസ്ഥകൾ എന്തെന്ന് വിശദീകരിക്കുമോ;

(ബി) ഏതെങ്കിലും ഒരു സംഗതിക്ക് ചെലവു നടത്തിയശേഷം നാലുവർഷ കാലാവധി കഴിഞ്ഞാൽ പ്രസ്തുത ആക്ടിന്റെ പരിധിയിൽ വരുന്ന സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥരിൽ നിന്നും ചാർജ് സർ ചാർജ് എന്നിവ ഈടാക്കുന്നതിന് നിയമതടസ്സം ഉണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly